കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല -മൂർക്കനാട് ഗ്രാമ പഞ്ചായത്ത്- സർക്കാർ ആർട്സ് & സയൻസ്കോളേജ് സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 2528/2013/തസ്വഭവ തീയതി, തിരുവനന്തപുരം 11-10-2013

---

പരാമർശം: 1) മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 26-7-2013- ലെ 7 (1) നമ്പർ തീരുമാനം

2) 24-6-2013-ലെ സ.ഉ. (എം.എസ്) നം. 340/2013/ഉ.വി.വ

3) മൂർക്കനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 29/6/2013 ലെ എ1/4885/2013 നമ്പർ കത്ത്

4) 18-7-2013 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ ബി2-43160/2013 നമ്പർ കത്ത്.

## ഉത്തരവ്

മൂർക്കനാട് ഗ്രാമ പഞ്ചായത്ത് വക മൂർക്കനാട് വില്ലേജ് റീ സർവ്വേ 202/2-ൽപ്പെട്ട ഇടിയാർ കോട്ടക്കുന്ന് എന്ന പുന്നക്കാട് റോഡിലുള്ള 5 ഏക്കർ സ്ഥലം മങ്കട നിയോജകമണ്ഡലത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിലേക്ക് വിട്ടുനല്കാൻ പരാമർശം(1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം പ്രസിഡന്റ് അനുമതിയ്ക്കായി അപേക്ഷിച്ചു.

മൂർക്കനാട് വില്ലേജ് കൊളത്തൂർ ദേശത്ത് സർവ്വേ നമ്പർ 202/2-ൽപ്പെട്ട 5 ഏക്കർ സ്ഥലം പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ഓഫീസിലെ 1052/1980 നമ്പർ ആധാരപ്രകാരം മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലാണെന്നും ടി ഭൂമിയിൽ ആർക്കും തന്നെ പട്ടയം നല്കിയിട്ടില്ലെന്നും മലപ്പുറം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി മൂർക്കനാട് ഗ്രാമ പഞ്ചായത്ത് വക മൂർക്കനാട് വില്ലേജ് റീസർവ്വേ 202/2-ൽപ്പെട്ട 5 ഏക്കർ സ്ഥലം കോളേജ് വിദ്യാഭ്യാസവകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് മൂർക്കനാട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
5. ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
6. ജില്ലാ കളക്ടർ, മലപ്പുറം
7. രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം
8. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോഴിക്കോട്
10. ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
11. ഉന്നതവിദ്യാഭ്യാസ(ബി)വകുപ്പ് (2-8-2013- ലെ 26633/ബി3/13/ഉവിവ പ്രകാരം)
12. നിയമ (ഡി ) വകുപ്പ് (25-9-2013-ലെ 19250/ഡി3/2013/നിയമം കുറിപ്പ് പ്രകാരം)
13. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.